പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 4090 20/03/2018 ൽ മറുപടിക്ക്

## കൃഷിഭവനകളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ.എൻ.ഷംസീർ<br>ശ്രീ. എൻ.വിജയൻപിള്ള<br>ശ്രീ. പി.ടി.എ.റഹീം<br>ശ്രീമതി. യു.പ്രതിഭ ഹരി: | ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷിവകുപ്പ് മന്ത്രി) |
| (എ) ഉയർന്ന ജനസാന്ദ്രത കൊണ്ട് കൃഷി ഭൂമി ചെറുഖണ്ഡങ്ങൾ ആക്കേണ്ടി വന്നതു ആധുനിക കൃഷി രീതികൾ അവലംബിക്കുന്നതിനും ഉല്പാദനക്ഷമത കുറയുന്നതിനും കാരണമായതു കണക്കിലെടുത്ത് ചെറു യന്ത്രസഹായത്തോടെയുള്ള കൃഷി രീതികളും നവീന ശാസ്ത്രീയ കൃഷി രീതികളും പ്രോത്സാഹിപ്പിക്കാൻ കൃഷി ഭവനുകൾക്ക് സാധ്യമായിട്ടുണ്ടോ; | (എ) ചെറുയന്ത്രങ്ങളുടെ സഹായത്തോടെയുള്ള കൃഷി രീതികളും നവീന ശാസ്ത്രീയ കൃഷി രീതികളും പ്രോൽസാഹിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ കൃഷി ഭവൻ മുഖേന നടപ്പിലാക്കി വരുന്നു. നവീന കൃഷി രീതികളായ ടെറസ്സിലുള്ള കൃഷി, ഗ്രോബാഗ് കൃഷി, മിനി പോളി ഹൗസ് കൃഷി എന്നിവ കൃഷി ഭവൻ മുഖേന പ്രോൽസാഹിപ്പിക്കുന്നുണ്ട്. ബ്രഷ് കട്ടർ, ഗാർഡൻ ടില്ലർ, റിഷ്ജ് ഫോർമർ, Coconut Climber മുതലായ ചെറു യന്ത്രങ്ങളുടെ ഉപയോഗവും കൃഷി ഭവനുകൾ മുഖേന പ്രോൽസാഹിപ്പിക്കുന്നുണ്ട്. |
| (ബി) കാർഷിക സർവ്വകലാശാല ഉൾപ്പടെയുള്ള കാർഷിക ഗവേഷണ സ്ഥാപനങ്ങളുടെ ഗവേഷണ ഫലങ്ങൾ സാധാരണക്കാർക്ക് പ്രായോഗികമാക്കുന്നതിനു അനുയോജ്യമായ രീതിയിൽ കൃഷി ഭവനുകളുടെ പ്രവർത്തനം പുന:സംഘടിപ്പിക്കുമോ; | (ബി) കാർഷിക സർവ്വകലാശാല ഉൾപ്പടെയുള്ള ഗവേഷണ സ്ഥാപനങ്ങളുടെ ഗവേഷണ ഫലങ്ങൾ കൃഷി ഭവനിലൂടെ വിവിധ പദ്ധതികൾ മുഖേന കർഷകരിൽ എത്തിക്കുന്നതിന് നിലവിൽ സംവിധാനം ഉണ്ട്. കൂടാതെ കൃഷി വകുപ്പിന്റെ പരിശീലന കേന്ദ്രങ്ങൾ, സെമിനാറുകൾ, ടെക്നോളജി മീറ്റ് എന്നിവ മുഖേനയും ഗവേഷണഫലങ്ങൾ കർഷകരിൽ എത്തിക്കുന്നു. |

(സി) ജലദൗർലഭ്യവും ജൈവ പുനചംക്രമണത്തിന്റെ സാധ്യതയും കണക്കിലെടുത്ത് സംയോജിത കൃഷി രീതി വ്യാപകമാക്കാൻ ഇടപെടൽ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

(സി) സംയോജിത കൃഷി രീതി നടപ്പിലാക്കിവരുന്നുണ്ട്. ഇവ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 2017-18 വർഷത്തിൽ 10 സെന്റ് മുതൽ 1 ഏക്കർ വരെയുള്ള 2,300 കർഷകർക്ക് സംയോജിത കൃഷി ചെയ്യുന്നതിന് കൃഷി ഭവൻ മുഖേന താഴെ കാണിച്ചിരിക്കുന്ന പ്രകാരം ധനസഹായം നല്കിയിട്ടുണ്ട്.

| ക്രമ നം. | യൂണിറ്റ് | ധനസഹായം |
|---|---|---|
| 1 | 10 സെന്റ് | 10,000/- രൂപ |
| 2 | 20 സെന്റ് | 20,000/- രൂപ |
| 3 | 30 സെന്റ് | 30,000/- രൂപ |
| 4 | 40 സെന്റ് | 40,000/- രൂപ |
| 5 | 50 സെന്റിന് മുകളിൽ | 50,000/- രൂപ |

വരും വർഷങ്ങളിലും ഈ പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**